**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

**സാധന സേവന നികുതി (GST) നടപ്പാക്കിയിട്ടുള്ള സാഹചര്യത്തിൽ പൊതുമരാമത്ത് വകുപ്പിൽ മരാമത്ത് പ്രവൃത്തികളുടെ നിർവഹണം - സ്പഷ്ടീകരണങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.**

---

**പൊതുമരാമത്ത് (എച്ച്) വകുപ്പ്**

**സ.ഉ.(അച്ചടി) നം./2/2018/പൊ.മ.വ**തീയതി , തിരുവനന്തപുരം27/01/2018

---

പരാമർശം: 1 പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) ചീഫ് എഞ്ചിനീയറുടെ 13/07/2017-ലെ FB.6/5827/2017 നമ്പർ കത്ത്

2 പൊതുമരാമത്ത് വകുപ്പ് (ഭരണ /നിരത്തുകളും പാലങ്ങളും വിഭാഗം) ചീഫ് എഞ്ചിനീയറുടെ 15/11/2017- ലെ CE/R&B/GL/GST/2017-18 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

01/07/2017-മുതൽ കേന്ദ്രസർക്കാർ സാധന സേവന നികുതി (ജി.എസ്.ടി). ചട്ടങ്ങൾ നടപ്പാക്കിയായതിനെ തുടർന്ന് പൊതു മരാമത്ത് വകുപ്പിൽ മരാമത്ത് പ്രവൃത്തികളുടെ നിർവഹണം ജി.എസ്.ടി. ചട്ടങ്ങൾക്ക് അനുസൃതമായി നടപ്പിൽ വരുത്തുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1 . 30/06/2017-നു മുമ്പ് പൂർത്തിയാക്കി മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തിയ മരാമത്ത് പ്രവൃത്തികൾക്ക് സാധന സേവന നികുതി (GST) ബാധകമല്ല. ആയതിനു മൂല്യ വർധിത നികുതി(VAT) മാത്രമാണ് ബാധകം.

2. 01/07/2017-മുതൽ നടപ്പിലാക്കിയ എല്ലാ മരാമത്ത് പ്രവൃത്തികൾക്കും ജി.എസ്.ടി. ബാധകമാണ് . 01/07/2017-നു മുമ്പ് ടെണ്ടർ ചെയ്യുകയും കരാറുടമ്പടി ഒപ്പ് വെയ്ക്കുകയും എന്നാൽ 01/07/2017-നോ അതിനു ശേഷമോ പൂർത്തിയാക്കി മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തുന്നതുമായ എല്ലാ പൊതുമരാമത്ത് പ്രവൃത്തികൾക്കും ജി.എസ്.ടി. ബാധകമാണ്.

3. ഇതിനായി ധന വിനിയോഗം നടത്തുന്ന എല്ലാ മരാമത്ത് സ്ഥാപനങ്ങളും

കേന്ദ്ര സർക്കാരിന്റെ ജി. എസ്. ടി ചട്ടം വകുപ്പ് 25-പ്രകാരം TAN, PAN ആധാരമാക്കിയുള്ള ജി.എസ്. ടി. രജിസ്ട്രേഷൻ നിർബന്ധമായും എടുക്കേണ്ടതാണ്. ഒരു ഡിവിഷന് ഒന്ന് എന്ന രീതിയിൽ എല്ലാ ഡിവിഷൻ ഓഫീസുകളും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ രജിസ്ട്രേഷൻ എടുക്കേണ്ടതാണ്.

4. ജി.എസ്.ടി. രജിസ്ട്രേഷൻ www.gst.gov.in എന്ന വെബ് സൈറ്റിൽ ഓൺലൈനായി ചെയ്യാവുന്നതാണ്. എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും ഉടനടി ജി. എസ്. ടി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്.

5. ജി.എസ്.ടി. ചട്ടങ്ങൾ പ്രകാരമുള്ള കിഴിവുകളും റിട്ടേൺ ഫയലിംഗും സമയ ബന്ധിതമായി നടത്തേണ്ടതിനാൽ അതാത് ഡിവിഷനുകളിലെ ഡിവിഷണൽ അക്കൗണ്ടന്റ്മാർ ഈ ചുമതല ഏറ്റെടുക്കേണ്ടതാണ്. ചാർട്ടേഡ് അക്കൗണ്ടെന്റിനു സമാനമായ വിദഗ്ധരുടെ സേവനം സ്വീകരിക്കാവുന്നതാണ്. വില്പനകൾ, വാങ്ങലുകൾ, Net Payment എന്നിവ നിശ്ചിത ഫോറങ്ങളിൽ നിശ്ചിത തീയതികൾക്കു മുമ്പായി ജി.എസ്. ടി. പോർട്ടലിൽ ഓൺലൈനായി നിർബന്ധമായും ഫയൽ ചെയ്യേണ്ടതാണ്.

6. മരാമത്ത് പണികൾ ഏറ്റെടുക്കുന്ന എല്ലാ രജിസ്റ്റേർഡ് കരാറുകാരും അക്രഡിറ്റഡ് ഏജൻസികളും ലേബർ കോൺട്രാക്ട് സൊസൈറ്റികളും നിർബന്ധമായും ജി.എസ്. ടി. രജിസ്ട്രേഷൻ എടുക്കേണ്ടതും ജി.എസ്.ടി. രജിസ്ട്രേഷന്റെ പകർപ്പ് ടെണ്ടറിനോടൊപ്പം ഹാജരാക്കേണ്ടതുമാണ്.

7. മാനുവൽ ടെണ്ടർ / ഇ-ടെണ്ടർ ഫോറങ്ങൾക്കു നോട്ടിഫിക്കേഷൻ പ്രകാരം 1 2 % ജി.എസ്. ടി. ബാധകമാണ്. ജി.എസ്. ടി. ഉൾപ്പെടുത്തിയ തുകയാണ് ടെണ്ടർ ഫോമിനൊപ്പം ഈടാക്കേണ്ടത്.

8. മരാമത്ത് പ്രവൃത്തികൾക്കുള്ള നിരത ദ്രവ്യം / കരുതൽ ദ്രവ്യം എന്നിവ കരാറുകാർ സമർപ്പിക്കുമ്പോൾ ജി.എസ്.ടി. ബാധകമല്ല. എന്നാൽ പ്രവൃത്തികളിൽ വീഴ്ച വരുത്തുന്ന കരാറുകാരിൽ നിന്നും പൊതുമരാമത്ത് വകുപ്പ് മാനുവൽ സെക്ഷൻ 2116 പ്രകാരം നിരത ദ്രവ്യം / കരുതൽ നിക്ഷേപ തുക സർക്കാരിലേക്ക് മുതൽക്കൂട്ടേണ്ടിവരുന്ന സാഹചര്യത്തിൽ ജി.എസ്.ടി. ബാധകമാകുന്നതാണ്. മരാമത്ത് പ്രവൃത്തികളുടെ retention തുക മടക്കി നൽകുന്ന സാഹചര്യത്തിൽ ജി.എസ്.ടി. ബാധകമാകുന്നതാണ്.

9. മരാമത്ത് പ്രവൃത്തികൾ വാങ്ങലായി ജി.എസ്.ടി.യിൽ കണക്കാക്കുന്നതിനാൽ അവയ്ക്ക് സെൻട്രൽ ടാക്സ് ഡിപ്പാർട്ട്മെന്റിന്റെ 22/08/2017 ലെ 20/2017 നമ്പർ നോട്ടിഫിക്കേഷൻ, കേരള നികുതി വകുപ്പിന്റെ 18/07/2017-ലെ Advisory-3 പ്രകാരമുള്ള ജി.എസ്.ടി. നിരക്കുകളും ബാധകമാകുന്നതാണ്.

1 0 . എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും പൂർത്തിയാക്കുന്ന പ്രവൃത്തികളുടെ ബില്ലുകൾ നൽകുമ്പോൾ 2% ജി.എസ്. ടി. TDS ആയി കിഴിവ് വരുത്തേണ്ടതാണ്. എന്നാൽ (എന്നാൽ ഈ നിബന്ധന 2018 മാർച്ച് 31 വരെ നടപ്പാക്കേണ്ടതില്ല എന്ന് ജി.എസ്.ടി. കൗൺസിൽ തീരുമാനിച്ചിട്ടുള്ളതാണ്) . ഈ തുക ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ അഞ്ചു ദിവസത്തിനകം ഇ-പേയ്മെന്റിലൂടെ സെൻട്രൽ ടാക്സസ് ഡിപ്പാർട്ട്മെന്റിൽ അടവ് വരുത്തേണ്ടതാണ്. ആയതിനാൽ ദേശസാൽകൃത ബാങ്കുകളിൽ ഒരു പുതിയ അക്കൗണ്ട് തുറക്കുകയോ, നിലവിലുള്ള അക്കൗണ്ട്കൾ ഉപയോഗിക്കുകയോ ചെയ്യാവുന്നതാണ്. കിഴിവ് വരുത്തുന്നതിലോ റിട്ടേൺ ഫയൽ ചെയ്യുന്നതിലോ കാലതാമസം ഉണ്ടാകുന്ന പക്ഷം ആയതിനുള്ള പിഴ ഇതിനു വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതാണ്.

1 1 . റോഡ് കട്ടിങ്ങിനു വേണ്ടി അനുമതി നൽകുമ്പോൾ പുനർനിർമ്മാണത്തിന് ഈടാക്കുന്ന റെസ്റ്റോറേഷൻ ചാർജ്ജിന് ജി.എസ്.ടി. ബാധകമാണ്.

12. പൊതുമരാമത്ത് വകുപ്പ് മരാമത്ത് പ്രവൃത്തികളുടെ ഡിസൈൻ, ഇൻവെസ്റ്റിഗേഷൻ, ഡി.പി.ആർ പ്രിപറേഷൻ തുടങ്ങിയ പ്രവൃത്തികൾ കൺസൽട്ടന്റിനെ ഏൽപ്പിക്കുന്ന അവസരത്തിൽ ജി.എസ്.ടി. ഉൾപ്പെടുത്തിയ തുക ടി കൺസൽട്ടന്റിനു നൽകേണ്ടതാണ്. ( ഇത് നോട്ടിഫിക്കേഷനോടൊപ്പം കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. )

13. പൊതുമരാമത്ത് വകുപ്പ് നടത്തുന്ന വാങ്ങലുകൾക്ക് ജി.എസ്.ടി. ബാധകമായിരിക്കുന്നതാണ്.

14. പഴയ വാഹനങ്ങൾ, ഫർണിച്ചർ എന്നിവ ലേലം ചെയ്തു വിൽക്കുന്നതിന് ജി.എസ്. ടി. ബാധകമാണ്. ജി.എസ്.ടി. കൂട്ടിച്ചേർത്ത തുക ലേലം കൊണ്ട വ്യക്തിയിൽ നിന്നും ഈടാക്കേണ്ടതാണ്.സാധന സാമഗ്രികളുടെ ജി.എസ്.ടി. സംബന്ധിച്ച നിരക്കുകൾ സെൻട്രൽ ടാക്സ് ഡിപ്പാർട്ട്മെന്റിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

15. പൊതുമരാമത്ത് കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്ന സാഹചര്യത്തിൽ ജി.എസ്.ടി. ബാധകമാണ്.

16. വ്യക്തിഗത സഹായങ്ങൾക്കുള്ള വാല്യവേഷൻ സർട്ടിഫിക്കറ്റ് , സ്റ്റേജ് സർട്ടിഫിക്കറ്റ്, സ്കൂൾ/ ഓർ ഫനേജ് മുതലായവയ്ക്കുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവയ്ക്ക് ജി.എസ്.ടി. ബാധകമല്ലാത്തതാണ്.

17. കേരള ബിൽഡിങ് റൂൾസ് പ്രകാരം കെട്ടിട നിർമ്മാണ/ ക്രമവൽക്കരണ അനുമതികൾക്കുള്ള ഫീസിന് ജി.എസ്.ടി. ബാധകമല്ല

18. ഇന്ത്യൻ ഭരണ ഘടനയുടെ Article 243 G പ്രകാരം പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കുന്ന സേവനങ്ങൾക്ക് ജി.എസ്.ടി. ബാധകമല്ലാത്തതാണ്.

19. പൊതുമരാമത്ത് വകുപ്പിൽ നടന്നുവരുന്ന മരാമത്ത് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന പ്രധാനപ്പെട്ട നിർമാണ സാമഗ്രികളുടെ ജി.എസ്.ടി നിരക്കുകൾ താഴെ പറയും പ്രകാരമാണ്.

| | | |
|---|---|---|
| 1 | ബിറ്റുമിൻ | 18.00% |
| 2 | അഗ്രിഗേറ്റ്(ബ്രോക്കൺസ്റ്റോൺ ) | 5.00% |
| 3 | മണൽ | 5.00% |
| 4 | സിമെന്റ് | 28.00% |
| 5 | സ്റ്റീൽ | 18.00% |
| 6 | തടി | 18.00% |
| 7 | ടൈൽസ് | 18.00% |
| 8 | സോളിഡ് ബ്ലോക്ക് | 18.00% |
| 9 | പെയിന്റ് | 28.00% |
| 10 | ഗ്ലാസ് (ഫ്ളോട്ട്) | 18.00% |
| 11 | പി.വി.സി. പൈപ്പ് | 18.00% |

20. കേന്ദ്ര സർക്കാരിന്റെ ജി.എസ്.ടി. ചട്ടങ്ങൾ പ്രകാരം പൊതുമരാമത്ത് പ്രവൃത്തികളായ റോഡുകൾ, കെട്ടിടങ്ങൾ, പാലങ്ങൾ, കൾവർട്ടുകൾ, തുടങ്ങിയവയുടെ DSR പ്രകാരമുള്ള എസ്റ്റിമേറ്റ് നിരക്കുകൾ വിശകലനം ചെയ്തത് പ്രകാരം ആയതിന്റെ Net GST Compensation താഴെ പറയുന്ന പ്രകാരമാണ്.

| Sl. | Type of work | Extra Tax Burden under GST |
|---|---|---|
| 1 | Bituminous Topping Road work (Bitumen Departmental Supply | 5.00% |
| | Masonary Building (New and Maintenance) 18% GST | |
| | D/R – RR Retaining Wall | |
| 2 | Framed Building (New and Maintenance 18% GST | 3.50% |
| 3 | Bituminous Topping Road Work (Bitumen Contractor Supply) | 3.00% |
| 4 | Bituminous Macadam and Bituminous Concrete (BM & BC) | 2.00% |
| 5 | Labour Oriented Work (if more than 75% earth work (Labour oriented) (5% GST rate) | 1.00% |
| 6 | Cement Concrete (CC) Works such as CC Road, CC Drain, CC Check dam, CC Retaining wall, Wells, interlocking concrete Paving Block, New Building and maintenance Masonry 12% GST, New Building and Maintenance framed 12% GST, Bridge, Footpath, RCC Drain slab | Nil |

In case of item No. 3 – Bituminous Road Work (Bitumen Contractor Supply) the rate is arrived as 3 by considering the cost of the bitumen without considering cost index. (Ref: Circular No. CE/R&B/PRICE/6725/2015 dated 10/04/2017)

21. മേൽ പട്ടിക പ്രകാരമുള്ള ജി.എസ്.ടി. Compensation അതാത് പ്രവൃത്തികൾക്ക് നൽകാവുന്നതാണ്. ടി. പട്ടിക പ്രകാരമുള്ള ഇനങ്ങൾ

കൂട്ടിച്ചേർത്ത് വരികയാണെങ്കിൽ ടി. ഇനങ്ങളിൽ ഏറ്റവും കൂടുതൽ അടങ്കൽ തുക വരുന്ന ഇനത്തിന്റെ ജി.എസ്.ടി.Compensation നൽകേണ്ടതാണ്. പ്രവൃത്തികൾക്ക് ബില്ല് തയാറാക്കുമ്പോൾ Tender Excess, Tender Deduction എന്നിവ വരുത്തിയതിനു ശേഷം Net Amount- ന്റെ കൂടെ ജി.എസ്.ടി. Compensation ശതമാനക്കണക്കിൽ അധികമായി കൂട്ടി നൽകേണ്ടതാണ്. ജി.എസ്.ടി. നിലവിൽ വന്ന ശേഷമുള്ള ടെണ്ടറുകൾക്ക് ടെണ്ടർ വേരിയേഷൻ അനുവദിക്കുന്ന സാഹചര്യത്തിൽ മേൽപ്പറഞ്ഞ Compensation അനുവദിക്കുന്നതല്ല.

22. 30.06.2017 തീയതി വരെ ടെൻഡർ നോട്ടീസ് പ്രസിദ്ധീകരിച്ചിട്ടുള്ള പി.ഡബ്ല്യൂ.ഡി. പ്രവർത്തികൾക്ക് മാത്രമേ ചരക്ക് സേവന നികുതിയുടെ അധിക ആനുകൂല്യം ലഭിക്കുകയുള്ളൂ.

23. 30.6.2017- വരെ 'M' ബുക്കിൽ അളവുകൾ രേഖപ്പെടുത്തിയ പ്രവൃത്തികൾക്ക് അധിക ആനുകൂല്യം നൽകുന്നതല്ല.

24. 01/07/2017-ലോ അതിനു ശേഷമോ ടെൻഡർ പുറപ്പെടുവിച്ച പി.ഡബ്ല്യൂ.ഡി. പ്രവൃത്തികൾക്ക് ചരക്ക് സേവന നികുതിയുടെ ആനുകൂല്യം അനുവദിക്കുന്നതല്ല.

25. ചരക്ക് സേവന നികുതി കരാറുകാരൻ തന്നെ നികുതി സംവിധാനത്തിലേക്ക് അടവാക്കേണ്ടതാണ്. കരാർ തുകയ്ക്ക് ഉപരിയായുള്ള ചരക്ക് സേവന നികുതി സർക്കാർ നൽകുന്നതല്ല.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**ജി. കമലവർദ്ധന റാവു**
**പ്രിൻസിപ്പൽ സെക്രട്ടറി**

To:- ചീഫ് എഞ്ചിനീയർ ( ആർ & ബി/ എൻ.എച്ച്/ ഭരണം /കെട്ടിടം/ഡിസൈൻ /മെയിന്റനൻസ് /ആർക്കിടെക്ട്)
പൊതുമരാമത്തു വകുപ്പ്, തിരുവനന്തപുരം
പൊതുമരാമത്തു വകുപ്പിലെ എല്ലാ സൂപ്രണ്ടിങ് എഞ്ചിനീയർമാരും
പൊതുമരാമത്തു വകുപ്പിലെ എല്ലാ എക്സിക്യൂട്ടിവ് എഞ്ചിനീയർമാരും
ചീഫ് എഞ്ചിനീയർ,തദ്ദേശ ഭരണ വകുപ്പ് , തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാരും
മാനേജിങ് ഡയറക്ടർ/പ്രൊജക്റ്റ് ഡയറക്ടർ, കെ ആർ എഫ് ബി/ കെ എസ് സി സി/ ആർ ബി ഡി സി കെ/ റിക്ക്
അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്), തിരുവനന്തപുരം
നികുതി വകുപ്പ്
ധനകാര്യ വകുപ്പ്(22.01.2018 ലെ I&PW.B2/332/2017-